## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5194. 02.07.2013 ൽ മറുപടിയ്ക്ക്.

<u>സ്റ്റുഡൻസ് ട്രാവലിംഗ് ഫെസിലിറ്റി കമ്മിറ്റി</u>

| ചോദ്യം<br>ശ്രീ. കെ. അച്ചുതൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, സണ്ണി ജോസഫ്<br>,, ലൂഡി ലൂയിസ് | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
|---|---|---|
| (എ) വിദ്യാർത്ഥികളുടെ യാത്രാപ്രശ്നം പരിഹരിക്കാൻ സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടില്ല. സർക്കാരിന്റെ 18/09/1990 ലെ ജി.ഒ. (ആർ.ടി) നമ്പർ 1324/90/ പി.ഡബ്ല്യൂ. ആന്റ്.ടി എന്ന ഉത്തരവ് അനുസരിച്ച് എല്ലാ ജില്ലകളിലും ജില്ലാകളക്ടർ ചെയർമാനായ സ്റ്റുഡന്റ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി രൂപീകരിക്കണമെന്ന ഉത്തരവ് നിലവിലുണ്ട്. |
| (ബി) സമിതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | ഓരോ ജില്ലയിലേയും വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടിയാണ് സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. എല്ലാ വർഷവും അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുൻപ് പ്രസ്തുത കമ്മിറ്റി യോഗം കൂടേണ്ടതും വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങൾക്കും ചർച്ച ചെയ്ത് പരിഹാരം ഉണ്ടാക്കേണ്ടതുമാണ് എന്ന നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. മാത്രമല്ല, വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാൻ ഒരു വർഷത്തിൽ കുറഞ്ഞത് രണ്ട് പ്രാവശ്യമെങ്കിലും യോഗം ചേരണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം യാത്രാ പ്രശ്നങ്ങ-ളാണ് സമിതി പരിഹാരം കാണാൻ ഉദ്ദേശിക്കുന്നത് ; | (സി) | വിദ്യാർത്ഥികൾക്കുള്ള കൺസഷൻ കാർഡ് വിതരണം, പ്രൈവറ്റ് ബസ്സിൽ വിദ്യാർത്ഥികളെ രണ്ടാംതരം പൗരന്മാരായി ചിത്രീകരിക്കുന്നുവെന്നുള്ള പരാതികൾ, വിദ്യാർത്ഥികൾ നിൽക്കുന്ന ബസ് സ്റ്റോപ്പുകളിൽ ബസ്സ് നിർത്തുന്നില്ല, ബസ്സ് വിടാൻ സമയത്ത് മാത്രമേ വിദ്യാർത്ഥികളെ ബസ്സിൽ കയറുവാൻ അനുവദിക്കുന്നുള്ളൂ എന്ന പരാതികൾ, വിദ്യാർത്ഥികൾക്ക് ബസ്സിൽ സീറ്റ് അനുവദിക്കുന്നില്ല എന്നും അവരിൽ നിന്നും അമിത യാത്രക്കൂലി വാങ്ങുന്നു വെന്നുമുള്ള പരാതികൾ തുടങ്ങിയവയ്ക്കാണ് സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി വഴി പരിഹാരം കാണേണ്ടത്. |
| (ഡി) | സ്റ്റുഡൻസ് ട്രാവലിംഗ് ഫെസിലിറ്റി കമ്മിറ്റി സംസ്ഥാനതലത്തിൽ വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | (ഡി) | ഇങ്ങനെയൊരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.